**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **23-08-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗം കുറയ്ക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും പ്രതിരോധിക്കുന്നതിനുമായി വൈവിധ്യമാർന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ തലത്തിലും കോളേജ് തലത്തിലും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും, സ്കൂളുകളുടേയും കോളേജുകളുടേയും പരിസരങ്ങളിൽ രഹസ്യ നിരീക്ഷണവും എൻഫോഴ്സ്മെന്റ് പ്രവർത്തനവും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>സ്കൂൾ, കോളേജ് തലത്തിൽ എക്സൈസ് ഉദ്യോഗസ്ഥർ, അധ്യാപകർ, പി.റ്റി.എ അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരടങ്ങിയ വിമുക്തി ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു. പ്രൊഫഷണൽ കോളേജുകളിലും, ഹോസ്റ്റലുകളിലും രൂപീകരിച്ച 'ശ്രദ്ധ', 'നേർക്കൂട്ടം' കമ്മിറ്റികൾ മുഖാന്തിരം ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തിവരുന്നു. ഏതൊരു വ്യക്തിയ്ക്കും എക്സൈസ് വകുപ്പിനെ ടെലഫോൺ മുഖേനയും വാട്സ് ആപ്പ് മുഖേനയും ലഹരിയെക്കുറിച്ചുള്ള പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | വകുപ്പ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ കൂടാതെ പ്രാദേശികമായി ജനകീയ പങ്കാളിത്തത്തോടെ വിദ്യാർത്ഥി സംഘടനകളുടെയും | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിമുക്തി വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ചും എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, |

| | | | |
|---|---|---|---|
| | യുവജനസംഘങ്ങളുടെയും സന്നദ്ധ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണത്തോടെ ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെയും ലഹരിക്കെതിരെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. മയക്കുമരുന്ന് ഉപയോഗത്തോടുള്ള പ്രതിരോധം ഫലപ്രദമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി - ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതോടൊപ്പം ടി കമ്മിറ്റികളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേസുകൾ കണ്ടെടുക്കുവാൻ സത്വര നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>ഗോത്ര കലാരൂപങ്ങളിലൂടെ ഗോത്രവിഭാഗങ്ങൾക്കിടയിലുള്ള ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുന്നതിനായി അട്ടപ്പാടിയിലെ ഗോത്ര കലാകാരൻമാരെ അണി നിരത്തി ലഹരിക്കെതിരെ ബോധവൽക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ